# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2260

18-03-2015-ൽ മറുപടിക്ക്

## ലഭിച്ച കേന്ദ്ര വ്യവസായ പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.വി.വിജയദാസ്

(എ) ഈ സർക്കാർ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം വ്യവസായ പ്രോജക്ടുകളാണ് നേടി യെടുക്കാൻ കഴിഞ്ഞിട്ടുള്ളത് ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്ത് ഉണ്ടാക്കി യെടുക്കാൻ കഴിഞ്ഞിട്ടുള്ളത് ; വിശദ വിവരം നല്കുമോ?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികൾ / വകുപ്പുകൾ മുഖാന്തിരം കേന്ദ്ര സർക്കാരിൽ നിന്ന് നേടിയെടുത്ത പദ്ധതികൾ / നേട്ടങ്ങൾ ഇവയാണ്.

കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മിഷന്റെ ചുവട്പിടിച്ച് രൂപീകരിച്ച സംസ്ഥാന ഭക്ഷ്യസംസ്ക്കരണ മിഷന് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 48 വിവിധ വ്യവസായ സംരംഭങ്ങളുടെ പ്രോപ്പോസലുകൾക്കായി 75% കേന്ദ്ര വിഹിതമായി നാളിതുവരെ 7.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കയറ്റുമതി വർദ്ധിപ്പിക്കുന്ന തിനാവശ്യമായ അടിസ്ഥാന സൗകര്യ ങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയായ ASIDE ന് ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിത് വരെ 77.02 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്.

ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ വിപുലീകരണവും പെട്രോകെമിക്കൽ കോംപ്ലക്സിന്റെ നിർമ്മാണവും ഏകദേശം 20000 കോടി രൂപ മുതൽ മുടക്കിയാണ് ബി.പി.സി.എൽ. ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. നിർമാണ സമയത്ത് 4-5 വർഷ കാലയളവിൽ 9000 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിന്റെ സമയത്ത് 400-ൽ അധികം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതാണ്. ഈ വികസന പദ്ധതിയിൽ നിന്നും ലഭിക്കുന്ന ഉപോൽപ്പന്നങ്ങൾ ഉപയോഗിച്ച് തുടങ്ങാൻ സാധ്യതയുള്ള വ്യവസായങ്ങളിൽ 600-ൽ

അധികം പേർക്ക് നേരിട്ടും 34000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തികമായും സാമൂഹികമായും പ്രദേശത്തിന്റെ വികസനമാണ് ഇതിലൂടെ സാധ്യമാകുന്നത്.

കൂടാതെ ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പദ്ധതിയിൻ കീഴിൽ അഗ്രിക്കൾച്ചർ ഇംപ്ലിമെന്റ്സ് ക്ലസ്റ്റർ (ഷൊർണ്ണൂർ, പാലക്കാട്), നോർത്ത് മലബാർ ഓഫ്സെറ്റ് പ്രിൻന്റേഴ്സ് ക്ലസ്റ്റർ (കണ്ണൂർ), സമോറിയൻസ് ഫർണ്ണിച്ചർ ക്ലസ്റ്റർ (കോഴിക്കോട്) എന്നീ ക്ലസ്റ്ററുകൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 70% കേന്ദ്രവും, 20% സംസ്ഥാനവും ബാക്കി 10% ക്ലസ്റ്ററുകളും വഹിക്കേണ്ടതായിട്ടുണ്ട്.

ഗുണനിലവാര പരിശോധന, പരിശീലനം, പൊതുസൗകര്യ സേവനകേന്ദ്രങ്ങൾ ആരംഭിക്കൽ, വിപണനം, പൊതുവായ ഒരു ബ്രാൻഡ് വികസിപ്പിക്കൽ, വായ്പകൾക്കു വേണ്ടി മ്യൂച്ചൽ ക്രെഡിറ്റ് ഗ്യാരന്റി, അസംസ്കൃത സാധനങ്ങൾ വൻതോതിൽ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇത്. സാങ്കേതിക വിദ്യാ പുരോഗതി, ഗുണമേൻമ, പ്രവർത്തനമികവ്, വിപണിയുടെയും മൂലധനത്തിന്റെയും സാധ്യതകൾ എന്നീ പൊതു വിഷയങ്ങൾ അഭിമുഖീകരിക്കുവാൻ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുകയും, നിർദ്ദിഷ്ട സംരംഭങ്ങളുടെ വളർച്ചയും നിലനിൽപ്പും ഉറപ്പു വരുത്തുകയും ചെയ്യുന്നു. അനുബന്ധ സംരംഭങ്ങളുടെ കാലാനുസൃതമായ മാറ്റത്തിനും കൂട്ടായ പ്രവർത്തനത്തിനും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പര്യാപ്തമാക്കുന്നു. പുതിയതും നിലവിലുള്ളതുമായ വ്യവസായ മേഖലകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സംഘങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ